"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ ചെമ്മനാട് വില്ലേജിൽ റി. സ. നം. 125/1B1 pt ൽ 1 ഏക്കർ (40.47 ആർ) ഭൂമി കോട്ടരുവം ശ്രീ മഹാവിഷ്ണു മൂർത്തി ദേവസ്ഥാനത്തിന് 09.08.2025ലെ സ.ഉ(കൈ)നം.240/2025/RD, 27.1.2026ലെ സ.ഉ(കൈ)നം.38/2026/RD എന്നീ ഉത്തരവുകൾ പ്രകാരം പതിച്ചു നൽകുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**റവന്യൂ(എം) വകുപ്പ്**

സ.ഉ.(കൈ) നം.162/2026/RD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. 29.01.2020ലെ സ.ഉ.(കൈ)നം.40/2020/റവന്യൂ
2. കാസർഗോഡ് ജില്ലാ കളക്ടറുടെ 02.06.2025 തീയതിയിലെ DCKSGD/9828/2024-C2 നമ്പർ കത്ത്
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 03.07.2025 തീയതിയിലെ LR/6158/2025-LR(J10) നമ്പർ കത്ത്
4. 09.08.2025ലെ സ.ഉ(കൈ)നം.240/2025/RD
5. 27.1.2026ലെ സ.ഉ(കൈ)നം.38/2026/RD

**ഉത്തരവ്**

കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ ചെമ്മനാട് വില്ലേജിൽ റീ.സ. നം. 125/1B1 pt ൽ 1 ഏക്കർ (40.47 ആർ) ഭൂമി കോട്ടരുവം ശ്രീ മഹാവിഷ്ണു മൂർത്തി ദേവസ്ഥാനത്തിന് പരാമർശം(1) ഉത്തരവ് പ്രകാരം പതിച്ച് ലഭിക്കുന്നതിന്, ടി ആരാധനാലയത്തിന്റെ പ്രസിഡണ്ട് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ പരാമർശം(2) പ്രകാരം കാസർഗോഡ് ജില്ലാ കളക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരാമർശം(3) പ്രകാരമുള്ള ലാൻഡ് റവന്യൂ കമ്മീഷണറുടെ ശിപാർശ സഹിതം സർക്കാരിൽ ലഭിച്ചിരുന്നു.

2) കാസർഗോഡ് താലൂക്കിലെ ചാർജ് ഓഫീസറുടെ സ്ഥലപരിശോധനയിൽ, അപേക്ഷക്കാസ്പദമായ ഭൂമിയിൽ ക്ഷേത്രവും അനുബന്ധ കെട്ടിടങ്ങളും സ്ഥിതി ചെയ്യുന്നതായും, വില്ലേജ് ഓഫീസിലെ റീ.സ.നം.125-ന്റെ എഫ്.എം.ബി പരിശോധിച്ചതിൽ ക്ഷേത്രത്തിന്റെ ടോപ്പോഗ്രാഫിക്കൽ ചിത്രം രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും, ആയത് 10/7/1956 ലെ സർവെ പ്രകാരമുള്ളതാണെന്ന് ബോധ്യപ്പെട്ടതായി തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിരുന്നു. ടി രേഖപ്പെടുത്തൽ കേരളപ്പിറവിക്ക് (1/11/1956) മുൻപുള്ളതിനാൽ, പ്രസ്തുത ഭൂമി ക്ഷേത്രത്തിന്റെ കൈവശത്തിലുള്ള കാലപരിധി സ്വാതന്ത്ര്യം ലഭിച്ചതിന് ശേഷവും കേരളപ്പിറവിക്ക് മുമ്പും എന്ന് കണക്കാക്കി പരാമർശം(1) ഉത്തരവിലെ വ്യവസ്ഥ പ്രകാരം ന്യായവിലയുടെ 25% ഈടാക്കി പതിച്ച് നല്കാവുന്നതാണെന്നും ടി ഒരേക്കർ

ഭൂമിയുടെ ന്യായവില 21,36,816/- രൂപയാണെന്നും മേല്പറഞ്ഞ വ്യവസ്ഥ പ്രകാരം ന്യായവിലയുടെ 25% നിരക്കായ 5,34,204/- രൂപ (അഞ്ച് ലക്ഷത്തി മുപ്പത്തിനാലായിരത്തി ഇരുന്നൂറ്റി നാല് രൂപ മാത്രം) ഈടാക്കി ടി ഭൂമി കോട്ടരുവം ശ്രീ മഹാവിഷ്ണു മൂർത്തി ദേവസ്ഥാനത്തിന് പതിച്ചു നൽകാവുന്നതാണ് എന്നും ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിരുന്നു.

3) സ്ഥാപനങ്ങളും സംഘടനകളും മതിയായ രേഖകളില്ലാതെ കൈവശം വച്ചിരിക്കുന്ന ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി പതിച്ച് നല്കുന്നതിന് പൊതു മാനദണ്ഡം നിശ്ചയിച്ച് പുറപ്പെടുവിച്ച പരാമർശം(1) ഉത്തരവ് റദ്ദു ചെയ്തുകൊണ്ടും പുതുക്കിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടും പരാമർശം (4), (5) ഉത്തരവുകൾ നിലവിൽ വന്നിട്ടുള്ളതും ടി ഉത്തരവുകൾ പ്രകാരമുള്ള നിബന്ധനകളെല്ലാം ഈ കേസിൽ പാലിക്കുന്നതുമാണ്. പ്രസ്തുത ഉത്തരവുകൾ പ്രകാരം അപേക്ഷാ ഭൂമിയുടെ കൈവശ കാലയളവ് 'സ്വാതന്ത്ര്യത്തിന് ശേഷവും 01.08.1971നു മുൻപും' ആണെങ്കിൽ ന്യായവിലയുടെ 15% ഈടാക്കി പതിച്ചു നൽകാവുന്നതാണ്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ ചെമ്മനാട് വില്ലേജിൽ റി.സ.നം. 125/1B1 pt ൽ 1 ഏക്കർ (40.47 ആർ) ഭൂമി കോട്ടരുവം ശ്രീ മഹാവിഷ്ണു മൂർത്തി ദേവസ്ഥാനത്തിന്, സ്ഥാപനങ്ങളും സംഘടനകളും മതിയായ രേഖകളില്ലാതെ കൈവശം വച്ചിരിക്കുന്ന ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി പതിച്ച് നല്കുന്നതിന് പൊതു മാനദണ്ഡം നിശ്ചയിച്ച് പുറപ്പെടുവിച്ച പരാമർശം (4), (5) ഉത്തരവുകൾ പ്രകാരം, ന്യായവിലയുടെ 15% തുക ഈടാക്കി പതിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

5) ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർനടപടികൾ കാസർഗോഡ് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A&E/Audit), തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർഗോഡ്
തഹസീൽദാർ, കാസർഗോഡ്
ധനകാര്യ വകുപ്പ് (26.02.2026ലെ EXP-D3/38/2026-Fin പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വിവരപൊതുജന സമ്പർക്ക(വെബ്&ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Kumari Sindhu S**
**Date: 15-03-2026 15:40:39**
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്